# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6167 10.7.2012-ൽ മറുപടിയ്ക്ക്
## വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജു പോൾ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. സി. കെ. സദാശിവൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ സ്ഥാപനം, ഗവേഷണം., വിദ്യാഭ്യാസം, പശ്ചാത്തല സൗകര്യങ്ങളുടെ വികസനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 2011-12 ൽ ആകെ വകയിരുത്തിയിരുന്നത് എന്ത് തുകയായിരുന്നു; ഇതിൽ എന്തു തുക ചെലവഴിച്ചു; | എ) | 2011-2012 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ വെറ്ററിനറി സർവ്വകലാശാലയ്ക്ക് 15 കോടി രൂപ വകയിരുത്തിയിരുന്നതിൽ 14.36452 കോടി രൂപ അനുവദിച്ചു നൽകിയതിൽ, ആദ്യ ഗഡുവായി അനുവദിച്ച 5 കോടി രൂപ പൂർണ്ണമായും ചിലവഴിച്ചു. സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിൽ മാത്രം ലഭിച്ച 9.36452 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അംഗീകരിച്ച പദ്ധതി രേഖ പ്രകാരം ത്വരിതഗതിയിൽ നടന്നു വരുന്നു.<br>കേന്ദ്ര സർക്കാർ 2011-12 -ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപയിലെ 2011-2012 വർഷത്തെ വിഹിതമായ 50 കോടി രൂപ 2012 ഏപ്രിൽ മാസത്തിലാണ് ലഭിച്ചത്. അംഗീകരിച്ച പദ്ധതി രേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ സർവ്വകലാശാലാ ആസ്ഥാനത്തും ഇതര കേന്ദ്രങ്ങളിലും നടപ്പാക്കി വരുന്നു.<br>കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായമായ 44.48 കോടി രൂപയിലെ 2011-2012 വർഷത്തിൽ 4.25 കോടി രൂപ സർവ്വകലാശാലയ്ക്ക് ലഭിക്കുകയുണ്ടായി. പദ്ധതി പ്രവർത്തനങ്ങൾക്കായി ഈ തുക വിനിയോഗിച്ചു വരുന്നു. |
| ബി) സർവ്വകലാശാലയുടെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും ഏത് ഘട്ടത്തിൽ എത്തി എന്നറിയിക്കാമോ; | ബി) | സാമ്പത്തിക വിഭാഗം, ഭരണ കാര്യാലയം , നിർമ്മാണ വിഭാഗം, അക്കാഡമിക്ക്/ ഗവേഷണ വിഭാഗം, ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഇന്റേണീസ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായി. വനിതാ ഹോസ്റ്റലിന്റെ നവീകരണം പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | അനുവദിക്കപ്പെട്ട ഫണ്ടുകൾ നിശ്ചിത കാലയളവിനുള്ളിൽ ചെലവഴിക്കപ്പെടാത്തതുകൊണ്ട് എത്ര തുക പദ്ധതിയിനത്തിൽ സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | തുക നഷ്ടപ്പെട്ടിട്ടില്ല |
| ഡി) | മൃഗസംരക്ഷണ മേഖലയിലെ നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്നതിനായി വിദേശ സർവ്വകലാശാലകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | ഡി) | യൂണിവേഴ്സിറ്റി ഓഫ് കണക്റ്റിക്കട്ട്, യു എസ് എ, യൂണിവേഴ്സിറ്റി ഓഫ് കാൽഗറി, കാനഡ, ഒണേരീസ് ഇൻസ്റ്റിറ്റ്യൂട്ട്, ഫ്രാൻസ്, വെസ്റ്റേൺ ഓസ്ട്രേലിയൻ യൂണിവേഴ്സിറ്റി , ഓസ്ട്രേലിയ തുടങ്ങിയ വിദേശ സർവ്വകലാശാലകൾ മൃഗസംരക്ഷണ മേഖലയിലെ നൂതന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ധാരണാ പത്രങ്ങൾ ഒന്നും ഒപ്പ് വെച്ചിട്ടില്ല.<br><br>ചെന്നൈയിലെ ബ്രിട്ടീഷ് കൗൺസിൽ(ഇന്ത്യ) എഡിൻബറോ സർവ്വകലാശാലയുമായി ചേർന്ന് വെറ്ററിനറി കോളേജിൽ പുത്തൻ പഠന രീതികളിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു. ഇതിന്റെ ഭാഗമായി ആദ്യത്തെ ശിൽപശാല മണ്ണുത്തി കാമ്പസിൽ 2012 മേയ്, ജൂൺ മാസങ്ങളിൽ സംഘടിപ്പിച്ചിരുന്നു. |

Seela

സെക്ഷൻ ഓഫീസർ